(4) അരൂർ മണ്ഡലത്തിലെ റോഡുപണി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, അരൂർ മണ്ഡലത്തിലെ എല്ലാ റോഡുകളെ സംബന്ധിച്ചുമുള്ള ഒരു സബ്മിഷനാണ്. ഇത് മൂന്നു പ്രാവശ്യം മാറ്റിവച്ചതാണ്. പ്രധാനമായും ഈ നിയോജകമണ്ഡലത്തിൽ തെക്കുനിന്നും വടക്കോട്ട് മൂന്നു റോഡുകളാണുള്ളത്. നാഷണൽ ഹൈവേ, വെസ്റ്റ് കോസ്റ്റ് റോഡ്, കുമ്പളങ്ങി-തുറവൂർ റോഡ്. ഇതിൽ സെൻട്രൽ റോഡ് ഫണ്ട് പ്രകാരം ഉണ്ടാക്കിയതാണ് വെസ്റ്റ് കോസ്റ്റ് റോഡ്. ഇപ്പോൾ ഏകദേശം മൂന്ന് കൊല്ലം കഴിഞ്ഞു. അതിനുമുൻപ് രണ്ട് കൊല്ലത്തോളം അതിന്റെ പ്രാരംഭ നടപടികൾ എടുത്തതിനുശേഷം ഇത് 8 റീച്ചായി തിരിച്ച് അതിനുള്ള എസ്റ്റിമേറ്റ് എടുത്ത് സംസ്ഥാനഗവണ്മെന്റിന് 1996-ൽ കൊടുത്തതാണ്. അന്നുമുതൽ പല പ്പോഴായി ഈ നിയമസഭയിൽതന്നെ 10 പ്രാവശ്യം സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതാണ്. ഇതേവരെ 4 റീച്ചിന്റെ ടെന്റർ വിളിച്ചു, അതിനുള്ള നടപടികളെടുത്തിട്ടുപോലും പിടിച്ച ആൾ ഇതുവരെ അതിന്റെ എഗ്രിമെന്റ് വച്ചിട്ടില്ല. എഗ്രിമെന്റ് വയ്ക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്താൻ ഉദ്യോഗസ്ഥന്മാർ തയ്യാറല്ല. അയാൾ അത്ര രാഷ്ട്രീയ സ്വാധീനമുള്ള ആളാണ്, അതുകൊണ്ട് അത് നടക്കുന്നില്ല. കടപ്പുറം മുഴുവൻ ഏതാണ്ട് 13 കിലോമീറ്ററോളമുള്ള റോഡാണ്. അതിൽ 8 റീച്ച് ചെല്ലാനത്തുനിന്നും അർത്തുങ്കൽ വരെ പോകാനുള്ള റോഡാണ്. ആ റോഡിന്റെ നടുക്ക് ചില പ്രദേശം ഉൾപ്പെടുന്ന 3 റീച്ചിൽ മാത്രമേ പണി ചെയ്തിട്ടുള്ളൂ. ഈ കൊല്ലം രണ്ട് റീച്ചിന് ടെന്റർ വിളിച്ചു, എഗ്രിമെന്റായി, ഇവിടെ അയച്ചു കഴിഞ്ഞതിനുശേഷം ടെന്റർ കമ്മിറ്റി പണമില്ലായെന്നു പറഞ്ഞ് തള്ളി. ആ റോഡ് മത്സ്യത്തൊഴിലാളികൾ തിങ്ങിതാമസിക്കുന്ന സ്ഥലത്തുള്ളതാണ്. പടിഞ്ഞാറ് അറേബ്യൻ കടൽ, കിഴക്ക് വലിയൊരു തോട് ചാൽ, ആ ചാൽ അവർ എങ്ങനെയെങ്കിലും കടന്ന് കിഴക്കോട്ട് വള്ളത്തിൽ കയറി അവിടെ മത്സ്യവുമായിട്ട് വന്നാൽ അത് കണക്ട് ചെയ്യുന്ന കുറച്ച് റോഡുകളുണ്ട്. പള്ളിത്തോട്-തുറവൂർ റോഡ് എം.എൽ.എ. റോഡുകൾ അനുവദിച്ച കാലത്ത് എം.എൽ.എ. റോഡായി ചെയ്യാൻ തീരുമാനിച്ച റോഡാണ്. ഇന്നുവരെ അത് നടന്നിട്ടില്ല. കുറച്ചു പണി നടത്തി, പൈസ കൊടുത്തിട്ടില്ല. ഏറ്റവും കുറച്ച് പൈസ അലോട്ട് ചെയ്യുന്ന ജില്ല ആലപ്പുഴ ജില്ലയാണ്. ഏറ്റവും പിന്നോക്കം നില്ക്കുന്ന ജില്ലയാണിത്. കൊടുത്താലോ എല്ലാം കുട്ടനാട്ടിലേയ്ക്ക് പോകും. ബാക്കി ഒന്നും കിട്ടുകയില്ല, ഇവിടെ നടക്കുന്ന നടപടിയാണ് ഞാൻ പറയുന്നത്. ആ റോഡുകളുടെ പണിയൊന്നും ഇതേവരെ നടക്കുന്നില്ല. അതു കഴിഞ്ഞ്, അന്ധകാരനഴി മുതൽ മുത്തിക്കൽ വരെ പോകുന്ന റോഡുണ്ട്. അത് എന്റെ കുടുംബവീടിനടുത്തുകൂടി പോകുന്നതാണ്. ഞാൻ ഇറങ്ങി നിന്നാൽ കാണാത്തവിധത്തിലുള്ള കുഴിയാണ് അതിലുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഈയിടയ്ക്ക് വന്നുവെന്നറിഞ്ഞു, കുഴി അടയ്ക്കാനോ എന്നറിഞ്ഞുകൂടാ, മാസം തീരാൻ പോകുന്നു. 10 ലക്ഷം രൂപ എം.എൽ.എ. മാർക്ക് അനുവദിച്ചുവെന്ന് പറഞ്ഞത്, 10 ലക്ഷം കൊടുത്തു പണിയൊന്നും നടന്നിട്ടില്ല. മറ്റ് പ്രദേശങ്ങളുമായി ഈ മത്സ്യത്തൊഴിലാളിമേഖലയെ ബന്ധപ്പെടുത്തുവാൻ നടപടികൾ യാതൊന്നും നടക്കുന്നില്ല. രണ്ടാമത്, റോഡ് വല്ലപ്പോഴും ഒന്നല്ലേ അനുവദിക്കുകയുള്ളൂ. ആ വിധത്തിൽ ചെല്ലാനത്തുനിന്നും തുടങ്ങി മുറവൂർ വരെ, വടക്കേയറ്റം ചെല്ലാനത്ത് രണ്ട് കിലോമീറ്റർ വീതി കൂട്ടി അവിടെ പണിതു, നേരത്തെപറഞ്ഞ സ്ഥലത്ത് പണി തുടങ്ങിയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആരെങ്കിലും പോയാൽ പണ്ട് ശിക്ഷിക്കുമെന്ന് കേട്ടിട്ടുണ്ട്. 1965 മുതൽ ആ നിയോജകമണ്ഡലം പ്രെസന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ആളാണ്. ഞാൻ അതിനുമുമ്പ് ചേർത്തലയിലായിരുന്നു. ആ റോഡ് സഞ്ചാരയോഗ്യമല്ല. സകലയിടത്തും വണ്ടി നിറുത്തിവയ്ക്കുകയാണ്. ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുകയില്ല, ബാക്കിയുള്ളതുമില്ല. അതുപോലെ എസ്റ്റിമേറ്റുമില്ല. പിന്നെ ഒന്ന് കിഴക്കുള്ള റോഡാണ്. ചേർത്തല-വയലാർ-ശക്തീശ്വരം റോഡിൽ ശക്തീശ്വരം ഭാഗത്തെ റോഡ് നന്നാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ എല്ലാംകൂടി വയലാറിൽ വന്നതുകൊണ്ട് കുറച്ചുഭാഗം മണ്ണിട്ട് ശരിയാക്കി. ശ്രീ. ആന്റണി അറിഞ്ഞിട്ടുണ്ടോ എന്തോ ചേർത്തല നിന്നും മുട്ടത്തങ്ങാടിയിൽ വരുന്നതിനുള്ള ആ കുറച്ചുഭാഗത്ത് പണി ചെയ്തിട്ടുണ്ട്, ബാക്കി വണ്ടി ഓടാതായി. വടക്കേയറ്റം കുഴിയാണ്. ഒരു പണിയും നടക്കുന്നില്ല. ആ നിയോജകമണ്ഡലത്തിൽ ഒരു പണിയും നടക്കുന്നില്ല. നാഷണൽ ഹൈവേയ്ക്ക് വേണ്ടത്ര പണമൊക്കെ ചെലവാക്കിയിട്ടുണ്ട്, തുറവൂർ എന്റെ ഓഫീസ് എടുക്കുന്നതിനുവേണ്ടി പണു മുടക്കി, അതിപ്പോൾ ഒരു വിനയായി മാറിയിരിക്കുകയാണ്. കാരണം, വളരെ വിശാലമായ സ്ഥലം അവിടെവന്നാൽ ആളുകൾക്ക് എങ്ങോട്ട് പോകണമെന്നറിഞ്ഞുകൂടാ. ഈ സ്ഥലം കൂടുതൽ ആക്സിഡന്റ് ഉണ്ടാകുന്ന സ്ഥലമാണ്. ശ്രീ.ജി. കാർത്തികേയൻ ഇവിടെ നാഷണൽ ഹൈവേയുടെ കാര്യം പറഞ്ഞു, എന്റെ നിയോജകമണ്ഡലം മൊത്തത്തിൽ 1988-ൽ ഞാൻ പുറകേ പോയി ശരിയാക്കിച്ച റോഡാണ്. എറണാകുളത്തുനിന്നും അങ്കമാലിയിലേയ്ക്ക് പോകുന്ന വശം മാത്രമായിരുന്നു നടപ്പിലാക്കാൻ പറ്റിയത്, അത് നടന്നു. ഇന്ന് ഈ റോഡ് നാട്ടുകാർക്ക് ഒരു വിനയാണ്, സാധാരണ മനുഷ്യരെല്ലാം പാതാളത്തിലും ബസ്സിൽ പോകുന്ന ആളുകൾ സ്വർഗ്ഗത്തിലും കൂടി ഓടത്തക്കവിധത്തിലാണ് വന്നിരിക്കുന്നത്. ആ റോഡിൽ വരുന്നതായിട്ടുള്ള വെള്ളം മുഴുവൻ അടുത്ത വീടുകളിലേയ്ക്ക് ഒഴുകുകയാണ്. ആ നാട്ടിലെ ആളുകളെ മുഴുവൻ ദ്രോഹിക്കുകയും അവർ പ്രാകുകയും ചെയ്യുന്ന വിധത്തിലാണ് ആ റോഡിന്റെ ഗതി, അതിന് കാന ഉണ്ടാക്കണം. മറ്റേ റോഡുകളുടെ കുഴി നികത്തണം, മനുഷ്യന് യാത്ര ചെയ്യണം. മത്സ്യത്തൊഴിലാളികൾക്ക് ജോലി ചെയ്യണം. ചെല്ലാനത്ത് ഈ പ്രാവശ്യം ചെമ്മീൻ കിട്ടാൻ തുടങ്ങി. ഏതാണ്ട് ഒന്നേകാൽ ലക്ഷം സ്ത്രീകൾ മാത്രം പണി ചെയ്തുകൊണ്ടിരുന്ന നിയോജകമണ്ഡലമാണ്. എന്റെ നിയോജകമണ്ഡലം സമുദ്രോൽപ്പന്ന വ്യവസായ മേഖലയാണ്. അത് മുഴുവൻ അടച്ചുപൂട്ടിയിരിക്കുകയായിരുന്നു. ഇപ്പോൾ ചെമ്മീൻ കിട്ടാൻ തുടങ്ങി, പക്ഷേ വണ്ടി ഓടണ്ടേ? തലയിൽ ചുമന്ന് കൊണ്ടു പോകാൻ പറ്റുമോ? ഇന്നത്തെ സ്ഥിതി അതാണ്. എന്തോ ഒരു വിരോധം പോലെ, എന്താണ് കാര്യമെന്ന് എനിക്കറിയില്ല, എനിക്ക് ഒരു വിരോധവുമില്ല, ആ വിധത്തിൽ പല പ്രാവശ്യം അച്ചൻമാർ സത്യാഗ്രഹം ചെയ്തതാണ്. വെസ്റ്റ് കോസ്റ്റ് റോഡിന് ഇവിടെ വന്ന് മന്ത്രിയെ കണ്ട് 100 പ്രാവശ്യം ഇതിന് വേണ്ടതെല്ലാം വാങ്ങിക്കൊണ്ടു പോയതാണ്. ഇവിടെവരെ വന്നു കഴിഞ്ഞിട്ട് രണ്ടെണ്ണം തള്ളി, ഒരു ലക്ഷം വീതമേ പണം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളൂ. അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കൊടുക്കാമായിരുന്നു. പക്ഷെ കൊടുത്തില്ല. കൊടുത്താൽ പണം പ്രശ്നമാകും. ബഡ്ജറ്റിൽ പണം കൊള്ളിക്കുകയില്ല. നാലിലൊന്ന് പണം കൊള്ളിക്കുമോ? ആ നിയോജകമണ്ഡലം ഉപേക്ഷിക്കപ്പെട്ട മണ്ഡലമാകത്തക്കവിധത്തിൽ ആളുകളൊന്നും എന്നെ കുറ്റം പറയുകയില്ല. നിങ്ങളേ തന്നെ കുറ്റം പറയും. അതാണ് ഉദ്ദേശമെങ്കിൽ, ചിലപ്പോൾ ദേഷ്യം തോന്നാറുണ്ട്. ചിലപ്പോൾ നിങ്ങളോട് സഹതാപം തോന്നാറുണ്ട്. നിങ്ങളുടെ കൈയിലല്ലല്ലോ ഫയൽ. അതുകൊണ്ട് സഹതാപം തോന്നാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ നിയോജകമണ്ഡലം ഒന്ന് ശ്രദ്ധിച്ച്, റോഡിലെ കുഴിയെങ്കിലും അടയ്ക്കത്തക്ക വിധത്തിലുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, അങ്ങ് എന്നെ അനുവദിക്കുമെങ്കിൽ ഞാൻ ഓരോ റോഡിനെപ്പറ്റിയും ഉള്ള വിവരം പറയാം. 1996-ൽ ഞാൻ മന്ത്രിയായി ആലപ്പുഴ ചെന്നപ്പോൾ ഇതു സംബന്ധിച്ച നിവേദനം കിട്ടിയതാണ്. അതിന്റെ അർത്ഥം 1996-നു മുൻപുണ്ടായ കുഴികളാണ് എന്നാണ്. ഞാൻ ആലപ്പുഴ ചെന്നപ്പോൾ ഈ റോഡിന്റെ ശോച്യാവസ്ഥയെപ്പറ്റി വലിയ നിവേദനം കിട്ടി. 1996-നു മുൻപ് ഈ റോഡുകൾ ആകെ നശിച്ചു പോയിരുന്നു. 1996-നു മുൻപുതന്നെ പോയതല്ലേ? അതിനുശേഷം പോയതല്ലല്ലോ? ഈ ഗവണ്മെന്റ് വലിയ ഒരു ബാധ്യത ഏറ്റെടുക്കാൻ തീരുമാനിച്ചു. അതിൽ ചെയ്തിരിക്കുന്ന കാര്യങ്ങൾ, മുട്ടം, ബസാർ-എട്ടുപുരയ്ക്കൽ റോഡ് അതുപോലെ തുറവൂർ കുമ്പളങ്ങി റോഡ്, എരമല്ലൂർ-എഴുപുന്ന റോഡ് ഇത്രയും റോഡുകൾക്ക് ചീഫ് എഞ്ചിനീയേഴ്സ് ലംപ്സം വർക്കിന് അനുമതി കൊടുത്തു. റിന്യൂവൽ സ്കീമിൽ ഉൾപ്പെടുത്തി പട്ടണക്കാട്-വയലാർ ലാന്റിംഗ് റോഡ്, തുറവൂർ-കുമ്പളങ്ങി റോഡ് ഈ രണ്ട് വർക്കുകൾ പൂർത്തിയായി. ഇനി, പണി പുരോഗതിയിലുള്ള റോഡുകൾ - എം.എൽ.എ. റോഡ് സ്കീം, തുറവൂർ-ചാവടിചന്ത, വണ്ടിത്തോട് റോഡ്, 4.58 കിലോമീറ്റർ - 50 ശതമാനം പണി പൂർത്തിയായി. ഓരോ റോഡിന്റേയും വിവരം ഞാൻ പറയാം. ഇത്രയും റോഡുകൾക്ക് അനുമതി ചുരുക്കം നിയോജകമണ്ഡലങ്ങളിലേ കൊടുത്തിട്ടുള്ളൂ. ശ്രീമതി ഗൗരിയമ്മയ്ക്ക് ഒരു സീനിയർ മെമ്പർ എന്ന നിലയിൽ പ്രത്യേക പരിഗണന കൊടുത്താണ് ഈ വർക്കുകൾ ചെയ്തത്. ഇവിടെയുള്ള ബഡ്ജറ്റ് വർക്കുകൾ - അർത്തുങ്കൽ-ചെല്ലാനം റോഡ്, ഒറ്റമശ്ശേരി മുതൽ അന്ധകാരനഴി വരെ 2 മുതൽ 3.500 കി.മീറ്റർ വരെ. അവിടെ പണി നടന്നുകൊണ്ടിരിക്കുന്നു. 3,500 മുതൽ 4,500 കി.മീറ്റർ വരേയും പണി പുരോഗതിയിലാണ്. ഫ്ളഡ് റിലീഫ് വർക്കിൽപ്പെടുത്തി തങ്കി റോഡ് കിലോമീറ്റർ ഒന്ന്-രണ്ട് മുതൽ മെറ്റലിംഗ് പൂർത്തിയായി. തുറവൂർ ലാന്റിംഗ് റോഡ് തയ്ക്കാട്ടുശ്ശേരി ഫെറി വരെ, ബസ് ടേണിംഗ് ഫെസിലിറ്റീസിന് ഉൾപ്പെടെ മെറ്റലിംഗ് പൂർത്തിയായി. തുറവൂർ ലാന്റിംഗ് റോഡിന്റെ വർക്കിന് എഗ്രിമെന്റ് വച്ചുകഴിഞ്ഞു. തങ്കി റോഡ് 3.500 മുതൽ 4.650 കി.മീറ്റർ വരെ എഗ്രിമെന്റ് വച്ചുകഴിഞ്ഞു. അർത്തുങ്കൽ-ചെല്ലാനം റോഡ് ഒറ്റമശ്ശേരി മുതൽ അന്ധകാരനഴി വരെയുള്ളതിന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. ഗവണ്മെന്റ് കോൺട്രാക്ടർമാർ എഗ്രിമെന്റ് വച്ച് വർക്ക് ചെയ്യണ്ടെ.

മി. സ്പീക്കർ : ഇതിന്റെ മറുപടിയെല്ലാം ശ്രീമതി ഗൗരിയമ്മയ്ക്ക് കൊടുത്താൽ മതി.

ശ്രീ. പി.ജെ. ജോസഫ് : കൊടുക്കാം.. ഇതെല്ലാം ടെണ്ടർ വിളിച്ച്, ടെണ്ടർ പരിശോധിച്ചുകഴിഞ്ഞു. അരൂർ-അരീക്കുറ്റി റോഡ്, ശക്തീശ്വരം റോഡ്, തുറവൂർ-കുമ്പളങ്ങി റോഡ്, വണ്ടിത്തോട് റോഡ്, അന്ധകാരനഴി മുതൽ മുത്തിക്കൽ വരെയുള്ള റോഡ്, കുഞ്ഞിക്കായി-മുത്തിക്കൽ-പട്ടണക്കാട് റോഡ് ഇതെല്ലാം ടെണ്ടർ വിളിച്ചിരിക്കുന്ന വർക്കുകളാണ്. മുട്ടം-ബസാർ-എട്ടുപുരയ്ക്കൽ റോഡ്, ഇതെല്ലാംകൂടി കേട്ടുകഴിഞ്ഞാൽ മറ്റ് എം. എൽ.എ. മാർ വഴക്കുകൂടും. അത്രമാത്രം വർക്കുകളാണ് ഇവിടെ അറേഞ്ച് ചെയ്തിരിക്കുന്നത്. കുഴി നികത്തുന്നതിന് പ്രത്യേക ടെന്റർ വിളിച്ചിരിക്കുകയാണ്. തുറവൂർ-കുമ്പളങ്ങി റോഡ്, ചാവിടിചന്ത റോഡ് ഇതെല്ലാംകൂടി 18.66 കിലോമീറ്റർ ഉണ്ട്. കുറെ വർക്കുകൾ അറേഞ്ച് ചെയ്യുന്നതിനു പുറമെ ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള റോഡുകൾ മുഴുവനും കുഴി നികത്താൻ ടെന്റർ വിളിച്ചിരിക്കുകയാണ്. നമ്മൾ ചെയ്തിരിക്കുന്ന മുഴുവൻ ജോലികളുടെ ലിസ്റ്റും ഇവിടെയുണ്ട്. ഞാൻ ഈ പറയുന്നത് വസ്തുതകൾ അല്ലെങ്കിൽ ശ്രീമതി ഗൗരിയമ്മയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇതിന്റെ മുഴുവൻ നോട്ടും ഞാൻ തരാം. അതുകൊണ്ട് ഈ മൺഡലത്തോട് അവഗണനയല്ല, പ്രത്യേക പരിഗണന ആണ് കാണിക്കുന്നത് എന്നത് പകൽപോലെ ഇവിടെ വ്യക്തമാണ്.

(5) കെ.എഫ്.സി. യിലെ പ്രവർത്തന പോരായ്മകൾ

<u>ശ്രീ. എ. കണാരൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ധനകാര്യസ്ഥാപനമായ കെ.എഫ്.സി. യുടെ പ്രവർത്തനം ജനങ്ങളിൽ അവമതിപ്പ് ഉണ്ടാക്കാവുന്ന ഒരു അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പരിതാപകരമായ ഒരു അവസ്ഥയാണ് എന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ കാര്യത്തിൽ ഉടൻ ഇടപെടണം. കെ.എഫ്.സി. യുടെ പ്രവർത്തനം അടിമുടി മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണം. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടി ഇടത്തരം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനാണ് കെ.എഫ്.സി. നിലവിൽ വന്നത്. കെ.എഫ്.സി. യുടെ ഇപ്പോഴത്തെ പ്രവർത്തനം ആ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് കടകവിരുദ്ധമായാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കണം. കെ.എഫ്.സി. എന്ന സ്ഥാപനം ഇവിടെ നിലവിൽ വന്നത് സ്വന്തം നിലയിൽ വ്യവസായം ആരംഭിക്കാൻ വിഷമതയുള്ളവർക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുക, സാമ്പത്തിക പരാധീനതയാൽ പ്രവർത്തനം നിലച്ച, തൊഴിൽ മന്ദീഭവിച്ച വ്യവസായികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായധനം നൽകുക, സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക്, വളർച്ചയ്ക്ക് അനുയോജ്യമായ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുക എന്നീ ഉദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയും 1951-ലെ കേന്ദ്ര നിയമനുസരിച്ചുമാണ് കെ.എഫ്.സി. കേരളത്തിൽ സ്ഥാപിച്ചത്. നമ്മുടെ പ്രകൃതിദത്തമായ വിഭവശേഷി, മെച്ചപ്പെട്ട ഗതാഗത സൗകര്യം, ആവശ്യമായ വൈദ്യുതി, വ്യവസായത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ, വിദ്യാഭ്യാസ സമൃദ്ധമായ മനുഷ്യ വിഭവശേഷി ഇവയില്ലെല്ലാമടങ്ങിയ കേരളം വ്യവസായ രംഗത്ത് പിന്നിൽ കിടക്കുകയാണ് എന്നത് ദു:ഖകരമായ ഒരവസ്ഥയാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണാടക, മദ്രാസ്, മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങൾ നമ്മളെക്കാളും മുന്നിലാണ്. തമിഴ്നാട് 10000 കോടി രൂപയാണ് വ്യവസായങ്ങൾക്ക് കടം നൽകിയത്. അതേ അവസരത്തിൽ നമ്മുടെ കേരളം 1400 കോടി രൂപയാണ് കടം നൽകിയത്. ഇതിൽതന്നെ വേറൊരു പ്രത്യേകത കാണുന്നത്, ഈ 1400 കോടിയിൽ തന്നെ 70 ശതമാനം വ്യവസായികേതര കടമായിട്ടാണ് നൽകിയത്. കെ.എഫ്.സി. യുടെ കണക്കുപ്രകാരം 1998 ജനുവരിയിൽ 31.26 ശതമാനം വ്യവസായത്തിനും ബാക്കി 67.74 ശതമാനം വാഹനം, ഹോട്ടൽ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കാണ് നൽകിയിട്ടുള്ളത്. ഇത് കുറ്റകരമായ അനാസ്ഥയാണ്. വിദേശത്തു പോയി അദ്ധ്വാനിച്ച് കാശുണ്ടാക്കി കുടുംബം പുലർത്താൻ വേണ്ടി നാട്ടിൽവന്ന് കുടുംബസമേതം ജീവിക്കാം എന്ന ഉദ്ദേശത്തോടുകൂടി ഇവിടെ വ്യവസായം തുടങ്ങുന്നതിനു വേണ്ടി ആവശ്യപ്പെട്ടു കഴിഞ്ഞാൽ അവരോട് നീതിപൂർവമായിട്ടല്ല പെരുമാറി

LIBRARY ARCHIVES Kerala Legislative Assembly